LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, കേരളം സമ്പൂർണ്ണ ജൈവ കാർഷിക സംസ്ഥാനമാക്കി മാറ്റുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.മാരും രാഷ്ട്രീയ നേതൃത്വവും വിദ്യാർത്ഥികളും ചെയ്തുവരുന്ന പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. അതിൽ കൂടുതൽ ശക്തമായി ഇടപെടാനുള്ള കർമ്മ പരിപാടികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കർഷകർക്ക് വിത്ത്, വളം, ജൈവകീടനാശിനി എന്നിവ നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതാണ്. മലയോര കാർഷിക മേഖലയായ തിരുവമ്പാടി മണ്ഡലത്തിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. അതിനുവേണ്ടിയാണ് പ്ലസ് ടു വിദ്യർത്ഥിയായ സൂരജ് എം.എൽ.എ.-മാർക്കുവേണ്ടി ഒരു ക്ലാസ് ഈ നിയമസഭയുടെ ലോഞ്ചിൽ വച്ച് നടത്തിയത്.

(19) യുവാവിന്റെ അപകട മരണം

ശ്രീ. സണ്ണി ജോസഫ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ ആറളം പോലീസ് സ്റ്റേഷൻ പരിധിയിലുള്ള അജയ് ജോസഫ് എന്ന ചെറുപ്പക്കാരൻ ഒക്ടോബർ 10-ന് രാത്രി റോഡിൽ പരുക്കുപറ്റി മരണപ്പെട്ടതായി കാണപ്പെട്ട റോഡപകടമെന്ന നിലയിൽ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. എന്നാൽ അപകടത്തിന്റെ കാരണം എന്താണ്, വാഹനം ഇടിച്ചതാണോ അല്ലയോ; ഏത് വാഹനമാണ് ഇടിച്ചത്; തുടങ്ങിയ കാര്യങ്ങളൊന്നും അന്വേഷിച്ച് കണ്ടെത്താൻ സാധിച്ചിട്ടില്ല. ആയതിനാൽ അക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 10-10-2014-ന് രാത്രി 12.15-നും 1.15-നും ഇടയ്ക്കുള്ള സമയത്ത് ആറളം അംശം അത്തിക്കൽ സ്ഥലത്ത് ജോസഫ് മകൻ അജയ് ജോസഫ് എന്ന 23 വയസ്സുള്ള യുവാവ് റോഡിൽ വാഹനമിടിച്ച് രക്തം വാർന്നുകിടക്കുന്ന വിവരം ആറളം പോലീസ് സ്റ്റേഷനിൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് സ്ഥലത്തെത്തി അയാളെ ഉടൻതന്നെ താലൂക്ക് ആശുപത്രിയിലെത്തിച്ചു അവിടെ വച്ച് ഡോക്ടർമാർ മരണപ്പെട്ടതായി അറിയിച്ചതിനെത്തുടർന്ന് പരിയാരം മെഡിക്കൽ കോളേജിൽ ഫോറൻസിക് വിഭാഗം പോസ്റ്റുമോർട്ടം നടത്തി. ഡോക്ടറോട് ചോദിച്ചപ്പോൾ വളരെ വേഗതയിൽ ഓടിച്ചുവന്ന വാഹനം ഇടിച്ചതിനെ തുടർന്നാണ് മരണമുണ്ടായതെന്നാണ് വിവരം ലഭിച്ചിട്ടുള്ളത്. 55 സെ.മീ. ഉയരമുള്ള ബംബറുള്ള വാഹനമാണ് ഇടിച്ചതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. അജയ് ജോസഫിന്റെ ബന്ധു സെബാസ്റ്റ്യന്റെ മൊഴി പ്രകാരം ആറളം പോലീസ് സ്റ്റേഷനിൽ IPC 279, 304 (A) പ്രകാരം ക്രൈം നമ്പർ 395/14 ആയി കേസ് രജിസ്റ്റർ ചെയ്ത് സബ് ഇൻസ്പെക്ടർ

അന്വേഷിച്ചുവരുകയാണ്. ഇടിച്ച വാഹനത്തെയോ ഓടിച്ച ഡ്രൈവറെയോ കണ്ടെത്താൻ സാധിക്കാത്തതിനാൽ ഈ കേസ്സിലുള്ള അന്വേഷണം ഇരിട്ടി പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുത്തു. സംഭവസ്ഥലത്തിന് സമീപമുള്ള 300 വാഹനങ്ങൾ പരിശോധിക്കുകയും 70-ഓളം ആളുകളുടെ മൊഴി രേഖപ്പെടുത്തുകയും മൊബൈൽ ഫോൺ ടവർ കേന്ദ്രീകരിച്ച് 30-ഓളം മോട്ടോർ വർക്ഷോപ്പുമായി ബന്ധപ്പെടുകയും ചെയ്തു. സംഭവത്തിനുശേഷം ഇടിച്ച വാഹനം വിൽക്കാനോ കൈമാറ്റം ചെയ്യാനോ സാധ്യതയുണ്ടെന്ന അറിവിന്മേൽ പ്രദേശത്തുള്ള വാഹന ബ്രോക്കർമാരെ കണ്ട് ചോദിച്ചും വാഹന അപകടം ഉണ്ടായതിനുശേഷം നിർത്താതെ പോയി പിന്നീട് കണ്ടെത്തിയ വാഹനങ്ങളെ ക്രമീകരിച്ചുമുള്ള അന്വേഷണം സത്വരമായി നടത്തി വരുന്നു. ഇരിട്ടി ഡിവൈ.എസ്.പി.യുടെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ടീമിനെ വച്ച് ഈ കേസ് അന്വേഷിക്കുന്നതാണ്.

(20) പട്ടികജാതി യുവാക്കൾക്ക് പോലീസ് മർദ്ദനം

ശ്രീ. എം. ചന്ദ്രൻ: സർ, ആലത്തൂർ മണ്ഡലത്തിൽ കഴിഞ്ഞ 13-ാം തീയതി ശിവദാസന്റെ മകൻ വിപിൻ ദാസ്, രാമകൃഷ്ണന്റെ മകൻ രഞ്ജിത്ത്, മോഹനന്റെ മകൻ യദുകൃഷ്ണൻ, ഉണ്ണികൃഷ്ണന്റെ മകൻ മനു എന്നീ നാല് പട്ടികജാതി യുവാക്കളെ മംഗലം ഡാം പോലീസ് ഒരു പരാതിയുമില്ലാതെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. എസ്.ഐ. മോഹനനും ഗ്രേഡ് എസ്.ഐ.-യും ചേർന്നാണ് മർദ്ദനത്തിന് നേതൃത്വം നൽകിയത്. മർദ്ദനത്തിൽ പരിക്കേറ്റ യുവാക്കൾ നെന്മാറ ആശുപത്രിയിൽ ചികിത്സയിലാണ്. 12-ാം തീയതി മംഗലം ഡാം കതിർ ഉത്സവമായിരുന്നു. അന്ന് ലൂർദ് മാതാ സ്കൂളിലെ പൈപ്പുകളും പൂച്ചെട്ടികളും സാമൂഹ്യവിരുദ്ധർ തല്ലിതകർത്തിരുന്നു. ഇതിന്റെ പേരിലാണ് നാല് യുവാക്കളെ കസ്റ്റഡിയിലെടുത്തത്. നഷ്ടപരിഹാരമെന്ന നിലയിൽ 8000 രൂപ നൽകാൻ പോലീസ് ആവശ്യപ്പെട്ടിരുന്നു. നാലുപേരുടെയും കൈവശമുണ്ടായിരുന്ന 4750 രൂപ പോലീസ് പിടിച്ചുവാങ്ങി. പിന്നീട് ഇവർ കുറ്റക്കാരല്ലെന്ന് കണ്ട് പോലീസ് വിട്ടയച്ചുവെങ്കിലും തുക തിരികെ നൽകിയില്ല. ഒരു കാരണവുമില്ലാതെ നാല് പട്ടികജാതി യുവാക്കളെ കസ്റ്റഡിയിലെടുത്ത് ക്രൂരമായി മർദ്ദിക്കുകയും 4750 രൂപ പിടിച്ചുവാങ്ങുകയും ചെയ്ത എസ്.ഐ., ഗ്രേഡ് എസ്.ഐ. എന്നിവരുടെ പേരിൽ കേസ്സെടുത്ത് അന്വേഷണം നടത്തി ശിക്ഷ നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ ഇന്ന് പട്ടികജാതി ക്ഷേമ സമിതിയുടെ നേതൃത്വത്തിൽ മംഗലം ഡാം പോലീസ് സ്റ്റേഷനിലേക്ക് പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർ മാർച്ച് നടത്തുകയാണ്. പ്രസ്തുത സംഭവം അടിയന്തരമായി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly